കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസുകൾ

*6 [204] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ തട്ടിക്കൊണ്ടുപോയി യാചകരായും മറ്റും ഉപയോഗിച്ച എത്ര കേസുകൾ കഴിഞ്ഞ മൂന്നു കൊല്ലത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) അതിൽ എത്ര കുട്ടികൾ അകപ്പെട്ടിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഇത്തരം പ്രവർത്തികൾ തടയാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ എടുത്തു?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):

(എ) 14 കേസുകൾ. ഇതിൽ 8 പ്രതികളെ ശിക്ഷിക്കുകയും, ഒരു പ്രതിയെ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. 5 പ്രതികൾക്ക് എതിരായിട്ടുള്ള കേസ് വിചാരണയിൽ ഇരിക്കുകയാണ്.

(ബി) 15 കുട്ടികൾ.

(സി) നഗരങ്ങളിൽ ശക്തമായ പോലീസ് പട്രോളിങ് ഏർപ്പെടുത്തിയിട്ടുണ്ട്. തിരക്കുള്ള ബസ് സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും പോലീസ് എയിഡ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ യാചകരോടൊത്ത് കാണുന്ന കുട്ടികളെ സംബന്ധിച്ച് വിവരങ്ങൾ ആരായുന്നതിനുവേണ്ടി യാചകർ തങ്ങാറുള്ള സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്താൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: കൊച്ചുകുട്ടികളെ തട്ടിക്കൊണ്ടുപോയി അവരുടെ കണ്ണ് കുത്തിപ്പൊട്ടിച്ച് അംഗവൈകല്യമുള്ളവരാക്കി അവരെ ഭിക്ഷാടനത്തിനുവേണ്ടി ഉപയോഗിക്കുന്നത് ഗവൺമെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. വയലാർ രവി: ഇത്തരം ക്രൂര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ട ചില കേസുകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അതുപോലെ നികൃഷ്ടവും ക്രൂരവുമായ നടപടികൾ ചെയ്യുന്ന ആളുകളെ തെരഞ്ഞുപിടിച്ചു കണ്ടുപിടിക്കുന്നതിനുള്ള ശക്തമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: തമിഴ്നാട്ടിൽ നിന്നുള്ള ഗുണ്ടാസംഘങ്ങളാണ് ഇത്തരം പൈശാചികത്വങ്ങൾ ചെയ്യുന്നത് എന്നതിൻറെ അടിസ്ഥാനത്തിൽ അത് തടയുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വയലാർ രവി: ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യുന്നതിൽ തമിഴ്നാട്ടിൽ നിന്നുള്ള സംഘങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അവരുടെ പേരിലും ചില കേസുകൾ എടുത്തിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് സംസ്ഥാനത്തിൻറെ ബോർഡറിൽ അവിടത്തെ പോലീസിന് പ്രത്യേകം നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രത്യേകമായി ചെക്കിങ് നടത്തുന്നതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly